നം. F4 - 32987/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 20/04/2017.
Email - swdkerala@gmail.com
Phone - 0471-2306040

## സർക്കുലർ

വിഷയം :- സാമൂഹ്യനീതി വകുപ്പ് – മിശ്രവിവാഹിതർക്ക് – ധനസഹായ വിതരണം – 2016-17 – അർഹരായ അപേക്ഷകരുടെ വിശദാംശങ്ങൾ നൽകേണ്ടത് – സംബന്ധിച്ച്.

സൂചന :- 1. ജി.ഒ (എം.എസ്) 6/77 LA &SW തീയതി 03/01/1977

2. സർക്കാർ ഉത്തരവ് (എം.എസ്) നം66/2010 സാമൂഹ്യക്ഷേമ വകുപ്പ്, തിരുവനന്തപുരം, തീയതി 09/09/2010

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്കുള്ള ധനസഹായം നൽകുന്നതിനായി പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതിനായി ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ആഫീസർമാർ നേരിട്ട് അപേക്ഷ ക്ഷണിയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ മിക്ക ജില്ലാ സാമൂഹ്യനീതി ആഫീസർമാരും അപേക്ഷ സ്വീകരിയ്ക്കുന്ന മുറയ്ക്ക് അവ യഥാസമയം പരിശോധിച്ച് അർഹമാണോയെന്ന് ഉറപ്പാക്കാതെ വർഷങ്ങളോളം ആഫീസിൽ സൂക്ഷിക്കുകയും ധനസഹായം അനുവദിയ്ക്കുന്നതിന് മുന്നോടിയായി മാത്രം അവ പരിശോധിച്ച് അർഹത ഉറപ്പാക്കി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും ശ്രദ്ധയിൽപ്പെട്ടിരിയ്ക്കുന്നു. ഇപ്രകാരം ജില്ലാ സാമൂഹ്യനീതി ആഫീസർമാരുടെ നടപടികൾ കാരണം വർഷങ്ങൾക്കു മുൻപ് അപേക്ഷ നൽകിയിരുന്നവർക്ക് വിവിധ കാരണങ്ങൾ ഉന്നയിച്ചുകൊണ്ട് വർഷങ്ങൾക്ക് ശേഷം അപേക്ഷകൾ നിരസിച്ചിരുന്ന സ്ഥിതി വിശേഷങ്ങൾ സംജാതമായിട്ടുണ്ട്. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേയ്ക്ക് ചുവടെ പരാമർശിക്കുന്ന നിബന്ധനകൾ എല്ലാ ജില്ലാ സാമൂഹ്യനീതി ആഫീസർമാരും സ്വീകരിയ്ക്കേണ്ടതാണ്.

1. അപേക്ഷ സ്വീകരിയ്ക്കുന്ന മുറയ്ക്ക് തന്നെ അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടുണ്ടോയെന്ന് ഉറപ്പാക്കുക.
2. അപേക്ഷ സ്വീകരിയ്ക്കുന്ന മുറയ്ക്ക് ലഭ്യമായ അപേക്ഷ ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി അപേക്ഷ തീയതി സീനിയോറിറ്റിയായി കണക്കാക്കി അപേക്ഷകന് കൈപ്പറ്റ് രസീത് നൽകേണ്ടതും അപ്രകാരം നൽകുന്ന രസീതിൽ

Dh

അപേക്ഷകന്റെ പേര്, അപേക്ഷ സ്വീകരിച്ച തീയതി, സാമ്പത്തിക വർഷം, രജിസ്റ്ററിലെ സീനിയോറിറ്റി നമ്പർ എന്നിവ ഉണ്ടായിരിക്കണം.

3. അപേക്ഷകൻ താമസിക്കുന്നത് Block/Municipality/ Corporation എന്നിവ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.
4. ഏതെങ്കിലും കാരണവശാൽ അപേക്ഷകൻ പ്രസ്തുത ധനസഹായത്തിന് അർഹമല്ലെന്ന് കാണുന്ന പക്ഷം അപേക്ഷ സ്വീകരിച്ച് 20 ദിവസത്തിനുള്ളിൽ അപേക്ഷകർക്ക് കാര്യകാരണ സഹിതം മറുപടി നൽകേണ്ടതാണ്.
5. ടി പദ്ധതിയുമായി ബന്ധപ്പെട്ട് അപേക്ഷകൾ രജിസ്റ്റർ ചെയ്യുന്നതിന് ഒരു സാമ്പത്തിക വർഷത്തേയ്ക്ക് ഒരു രജിസ്റ്റർ എന്ന ക്രമത്തിൽ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുവാൻ പാടുള്ളു. ധനസഹായം അനുവദിച്ച് നൽകുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ യഥാസമയം വരുത്തേണ്ടതാണ്. ആയത് പരിശോധനാ വിധേയമാക്കേണ്ടതുമാണ്.

2017-18 സാമ്പത്തിക വർഷം ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി ഇനിയും അർഹതയുള്ള അപേക്ഷകൾ കാര്യാലയങ്ങളിൽ അവശേഷിക്കുന്നുണ്ടെങ്കിൽ (2011-2012 മുതൽ 2016-17 വരെയുള്ളവ) ആയത് ബ്ലോക്ക്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ക്രമത്തിൽ ക്രമീകരിച്ച് വർഷം തിരിച്ചുള്ള പ്രൊപ്പോസലുകൾ 15/05/2017 നകം നൽകേണ്ടതാണ്. പ്രൊപ്പോസലിൽ ഗുണഭോക്താക്കളുടെ പേരും മേൽവിലാസവും, അപേക്ഷ തീയതി, താമസിക്കുന്ന ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ, അപേക്ഷക/അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്ക്, ബ്രാഞ്ച്, IFSC Code ഉൾപ്പെടെയുള്ള വിവരങ്ങൾ ഉണ്ടായിരിക്കണം.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

എല്ലാ ജില്ലാ സാമൂഹ്യനീതി ആഫീസർമാർക്കും

പകർപ്പ്:

1. ഡയറക്ടറുടെ CA യ്ക്ക്
2. അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർമാർക്ക്
3. സ്റ്റോക്ക് ഫയൽ/സ്പെയർ

Dh